മർദ്ദനമേറ്റു, ഇവർ ധർമ്മടം പോലീസ് സ്റ്റേഷനിൽ അഭയം തേടിയിരിക്കുകയാണ്. ഒന്നു രണ്ടുമാസമായി തലശ്ശേരിതാലൂക്കിൽ പലഭാഗങ്ങളിലും ഇതുപോലുള്ള മർദ്ദനനടപടികളും നടക്കുകയാണ്. മാർക്സിസ്റ്റുകാരുടെയും ആർ. എസ്. എസ്. കാരുടെയും ഇത്തരം കാര്യങ്ങളും നടത്തുകയാണ്. ജനതാപാർട്ടിയിലെ ഒരു പ്രവർത്തകനായ ഫൽഗുണന്റെ വീടാണ് തീവച്ച് ചാമ്പലാക്കിയത്. തലശ്ശേരിതാലൂക്കിൽ ഉപതിരഞ്ഞെടുപ്പ് നടക്കാൻപോവുകയാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ശാന്തമായ അന്തരീക്ഷം ഉണ്ടാക്കുന്നതിന് സർക്കാരും പോലീസ് വിഭാഗവും സജീവമായി പ്രവർത്തിക്കണം. അവിടത്തെ ക്ഷേത്രത്തിൽ ഉൽസവം നടക്കുന്ന കാലഘട്ടമാണ്. ഈ കാലഘട്ടത്തിൽ ഈ വിധത്തിലുള്ള നടപടികൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതിനുവേണ്ടി പോലീസിന്റെ ഭാഗത്തുനിന്നും നീതി കിട്ടണം. പോലീസിന്റെ ഭാഗത്തുനിന്നും നീതി ലഭിക്കുന്നില്ല. പോലീസ് നിഷ്ക്രിയരാണ്. അവിടെ സമാധാന അന്തരീക്ഷം ഉണ്ടാക്കുന്നതിനു വേണ്ടി പോലീസും ഗവൺമെന്റും സജീവമായി പ്രവർത്തിക്കണമെന്ന് ഈ സംഭവം ഉദ്ധരിച്ചുകൊണ്ട് പറയാനാഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഈ കാര്യത്തിൽ ആവശ്യമായ നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ചു കഴിഞ്ഞു. ഇപ്പോൾ സ്ഥിതി ഗതി ശാന്തമാണെന്നുള്ളതുകൊണ്ട് അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

III ശ്രദ്ധ ക്ഷണിക്കൽ

കണ്ണൂർ ജില്ലയിലെ കോളിയോട് എസ്റ്റേറ്റിൽ പണിനിർത്തിയതു മൂലം ഉണ്ടായ ഗുരുതരാവസ്ഥ

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: സർ, കണ്ണൂർ ജില്ലയിലെ കോളിയോട് എന്നുപറയുന്ന സ്ഥലത്ത് 1958-ൽ രാമവർമ്മരാജ സ്ഥാപിച്ച ഒരു എസ്റ്റേറ്റുണ്ട്. ഈ എസ്റ്റേറ്റ് 2,336 ഏക്കർ സ്ഥലത്തായിട്ട് വ്യാപിച്ചുകിടക്കുകയാണ്. നാനൂറിനാൽപതോളം സ്ഥിരം തൊഴിലാളികളും അഞ്ഞൂറോളം മറ്റ് തൊഴിലാളികളും ജോലിചെയ്തുവരുന്ന ഒരു സ്ഥാപനമായിരുന്നു അത്. 1973 ഏപ്രിൽ 10-ാം തീയതി ബോണസ് സംബന്ധമായ തർക്കത്തെതുടർന്ന് ആ എസ്റ്റേറ്റ് ഉടമ എസ്റ്റേറ്റ് ലോക്കൗട്ട് ചെയ്യുകയാണ് ചെയ്തത്. അതിനുശേഷം പല കൂടിയാലോചനകളും നടത്തിയെങ്കിലും അതൊന്നും വിജയപ്രദമായില്ല. അതുകാരണം തൊഴിലാളികുടുംബങ്ങളും പട്ടിണികിടക്കുകയാണ്. 1,068 ഏക്കർ സ്ഥലം മിച്ചഭൂമിയാണെന്നുള്ളതിന്റെ പേരിൽ ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് നൂറിയമ്പതോളം തൊഴിലാളികൾക്ക് സ്ഥിരമായില്ലെങ്കിലും പ്ലാന്റേഷൻ കോർപ്പറേഷന്റെ നടത്തിപ്പിന്റെ കീഴിൽ ജോലികൊടുക്കുന്നുണ്ട്. അതും ഇടയ്ക്കിടയ്ക്കേയുള്ളൂ. പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപിച്ചുവെന്ന് ഗവൺമെന്റ് പറയുന്നുണ്ടെങ്കിലും നിയമാനുസൃതമായി ഏൽപിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ടു ഈ ഗവൺമെന്റിന്റെ കയ്യിലിരിക്കുന്ന 1,068 ഏക്കർ സ്ഥലം അടിയന്തിരമായും പ്ലാന്റേഷൻ കോർപ്പറേഷനെ ഏൽപിച്ചുകൊണ്ട് സ്ഥിരമായ ജോലികൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. അതോടൊപ്പം തന്നെ ആലക്കോട്ട രാജരാജവർമ്മയുടെ കൈവശമിരിക്കുന്ന സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ജോലിചെയ്യുന്ന 290- ഓളം വരുന്ന തൊഴിലാളികൾക്കും സ്ഥിരമായ ജോലിയില്ല. മാത്രമല്ല വലിയ ദേശീയനഷ്ടവുംകൂടി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇരുപതിനായിരം രൂപ വരുമാനമുള്ള റബ്ബർ ടാപ്പു ചെയ്യാതെ കിടക്കുകയാണ്. ഏകദേശം രണ്ടുലക്ഷം രൂപയുടെ ഏലം വരുമാനമുള്ളതാണ്. ഇതും പറിച്ചെടുക്കാനുള്ള സാഹചര്യമില്ല. എല്ലാ രംഗങ്ങളിലും ആ പ്രദേശം വിഷമത്തിലേക്ക് നീങ്ങിയിരിക്കുകയാണ്. തൊഴിലാളികൾക്ക് അടിയന്തിരമായി തൊഴിൽ കൊടുക്കുന്നതിനുവേണ്ടി ഗവൺമെൻറ് ഈ എസ്റ്റേറ്റ് ഉടൻതന്നെ ഏറ്റെടുക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും വേതനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ): സർ, ആലത്തൂരിലുള്ള കോളിയോട് എസ്റ്റേറ്റ് എന്നു പറയുന്ന സ്ഥാപനം ഒരു രാമവർമ്മരാജ എന്നുപറയുന്ന ഒരു വ്യക്തിയുടെ വകയായിരുന്നു. എ. ആർ. സി. ശുപാർശ ചെയ്തതനുസരിച്ച് 46 ലക്ഷത്തിൽപരം രൂപ സെൻട്രൽ ബാങ്ക് ആഫ് ഇൻഡ്യയിൽനിന്നു കടം എടുക്കുന്നതിന് ഗവൺമെൻറ് ജാമ്യം നിന്നിരുന്നു. ഈ ജാമ്യവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഏതാണ്ട് 30 ലക്ഷം രൂപയോളം മേൽപറഞ്ഞ രാമവർമ്മരാജ വാങ്ങുകയുണ്ടായി. പക്ഷേ ആ വാങ്ങിയ സംഖ്യ എസ്റ്റേറ്റിൽ വിനിയോഗിച്ചോ ഇല്ലയോ എന്നുതിട്ടമില്ല. വാങ്ങിയതിനുശേഷം ആ സംഖ്യക്ക് ഇൻസ്റ്റാൾമെൻറ് അടക്കാൻ ഈ രാജ തയ്യാറായില്ല. തയ്യാറാകാതെ വന്നപ്പോൾ ബാങ്കു നടപടികൾ സ്വീകരിച്ചു. ജാമ്യക്കാരായ ഗവൺമെൻറിൽ നിന്ന് വസൂലാക്കുന്നതിനുള്ള നടപടികളാണ് ത്വരിതഗതിയിൽ നടത്തിയത്. ഈ പ്രശ്നത്തിൽ എന്തു ചെയ്യണമെന്നു ഗവൺമെൻറ് പല പ്രാവശ്യം ആലോചിച്ചു. അങ്ങനെ ആലോചിച്ചതിൻെറ അടിസ്ഥാനത്തിൽ അവസാനമായി തീരുമാനമെടുത്തത് ഈ സംഖ്യ, ഇതിൻെറ പലിശ സഹിതം ഏതാണ്ട് 49 ലക്ഷംരൂപ വരുന്ന സംഖ്യ, കൊടുത്തുതീർത്ത് ഈ വസ്തു കൈവശം എടുക്കുന്നതിനാണ്. അങ്ങനെ പണം അടയ്ക്കുകയും വസ്തു കൈവശമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തപ്പോൾ ഈ രാമവർമ്മരാജ കോടതിയിൽ പെറ്റിഷൻ കൊടുത്തു ആ നടപടികൾ നിർത്തിവെയ്പ്പിക്കുകയും ആ നിറുത്തിവച്ച സ്ഥിതിവിശേഷത്തിൽ ഇപ്പോൾ ഇരിക്കുകയുമാണ് ചെയ്യുന്നത്. ഇവിടെ ബോണസിൻെറ അടിസ്ഥാനത്തിൽ തർക്കമുണ്ടായതിൻെറ പേരിൽ പണിമുടക്കുമുണ്ടായി, അതുമൂലം പണികൊടുക്കാതിരിക്കുന്നുഎന്നു പറയുന്നതുശരിയല്ല. 1977-ൽ ഇവിടെ പണിയെടുത്തിരുന്ന തൊഴിലാളികളുടെ ആവശ്യങ്ങളിൽ പ്രധാനമായ ആവശ്യം പ്ലാൻേറഷൻ ആക്ടനുസരിച്ചുള്ള ആനുകൂല്യം കൊടുക്കുന്നില്ല എന്നുള്ളതായിരുന്നു. അതു ആവശ്യപ്പെട്ടപ്പോൾ അതുസംബന്ധമായി തർക്കമുണ്ടായി. ആ തർക്കം ഒരു തീരുമാനത്തിൽ എത്തിയില്ല. പിന്നീട് 1978 ജനുവരി മാസത്തിൽ പണിമുടക്കമുണ്ടായി. അപ്പോൾ തൊഴിലാളികൾ മുന്നോട്ടുവച്ച ആവശ്യം ബോണസ് തർക്കമായിരുന്നില്ല; പ്ലാൻേറഷൻ ആക്ടനുസരിച്ചുള്ള ആനുകൂല്യമായിരുന്നില്ല, കോളിയോട് എസ്റ്റേറ്റ് ഗവൺമെൻറ് ഏറ്റെടുക്കുക. പൂർണ്ണമായി ഏറ്റെടുക്കാൻ എന്തെങ്കിലും പ്രായോഗികമായ തടസമുള്ളപക്ഷം ആ എസ്റ്റേറ്റ് മാനേജുമെൻറ് അടിയന്തിരമായി ഏറ്റെടുത്ത് പ്ലാൻേറഷൻ കോർപ്പറേഷനെ ഏൽപ്പിക്കുക, എസ്റ്റേറ്റ്തൊഴിലാളികൾക്കും ഇതര തൊഴിലാളികൾക്കും ജോലിസ്ഥിരത ഏർപ്പെടുത്തുക ഇതുപോലുള്ള ആവശ്യങ്ങളാണ്. കോടതി വിധിയുണ്ടായതിനെതുടർന്ന് ഈ രാജ പാലയിൽനിന്നും ഒരു ശങ്കരപിള്ളയെയും കുറെ ആളുകളെയും കൊണ്ടുവന്നു അവിടെ പണിയെടുപ്പിക്കാൻ ശ്രമിച്ചു. അങ്ങനെ പണിയെടുപ്പിക്കാൻ ശ്രമം നടത്തിയപ്പോൾ സ്ഥിരം

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളും, ഇവരും തമ്മിൽ സംഘട്ടനമുണ്ടായി. ആ സംഘട്ടനത്തിൽ അവിടത്തെ സ്ഥിരം തൊഴിലാളികളുടെ നാലുപേരുടെ പേരിൽ പോലീസുകാർ ചില നടപടികളും സ്വീകരിക്കുകയാണ് ഉണ്ടായത്. അതിനെതുടർന്നു ആക്ഷേപമുണ്ടായപ്പോൾ ഞാൻ സ്ഥലത്തു പോകുകയുണ്ടായി. ആ പോലീസുദ്യോഗസ്ഥൻമാരെ വിളിച്ച് ഗുണദോഷിക്കുകയുണ്ടായി. സ്ഥിരമായ തൊഴിലാളികളുടെ നേരേയല്ല കേസ് എടുക്കേണ്ടതെ്, മറിച്ച് കരികാലിപണിയെടുക്കാൻ വരുന്ന ആളുകളെയാണ് നിലക്കുനിർത്തേണ്ടതെ, അത്തരത്തിലുള്ള നടപടിയാണ് സ്വീകരിക്കേണ്ടതെന്നു പറഞ്ഞതിന്റെ ഫലമായിട്ട് അത്തരം നടപടികളും പിന്നീട് തുടർന്നിട്ടില്ല. ആ സ്ഥലത്ത് ഇതിനു പരിഹാരം കാണാതെ തൊഴിലാളികൾക്ക് പണികിട്ടാനുള്ള അവസ്ഥയില്ല. ഗവൺമെൻറ് സ്റ്റോ വെക്കേറ്റ് ചെയ്യാനും എസ്റ്റേറ്റ് കയ്യിലെടുക്കാനുമുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

ശ്രീ. എൻ. ഭാസ്കരൻനായർ: സർ, ഒരു പേഴ്സണൽ എക്സ്പ്ലനേഷനു സമയം തരണം. ഇന്നലെ ചീഫ് മിനിസ്റ്റർ പറഞ്ഞ മറുപടിയിൽ .....

Mr. Speaker: You have to seek permission of the Speaker already.

Shri. N. Bhaskaran Nair: I am seeking permission.

Mr. Speaker: If so, you can come to my chamber and speak to me. Only after obtaining the permission of the Chair, you can raise your personal explanation; not now.

ശ്രീ. എൻ. ഭാസ്കരൻ നായർ: റൂം അനുസരിച്ച് ചേമ്പറിൽ വന്നു കാണണമെന്ന് എവിടേയും പറയുന്നില്ല.

Mr. Speaker: You resume your seat. Now we are passing on to the next item i.e., Financial Business.

IV. ധനകാര്യം

1979-80 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): നീതിന്യായം എന്ന 3-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,47,90,400 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പോലീസ് എന്ന 12-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,85,47,200 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജയിലുകൾ എന്ന 13-ാ, നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,44,33,900 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖങ്ങൾ എന്ന 40-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 6,57,99,200 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly